# കൊല്ലം കൈപ്പുഴ കമ്പനിയുടെ നീര വിപണിയിലേക്ക്

കൊല്ലം: കേരളത്തിലാദ്യമായി അതീവ രുചികരവും ആരോഗ്യദായകവുമായ നീര പാനീയം വാണിജ്യാടിസ്ഥാനത്തിൽ വിപണിയിലിറക്കിയ പാലക്കാട് നാളികേര ഉത്പാദക കമ്പനിക്കു പിന്നാലെ കൊല്ലം കൈപ്പുഴ നാളികേര ഉത്പാദക കമ്പനിയും നീര വിപണിയിലിറക്കുന്നു. പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം ഇന്ന് രാവിലെ 10 ന് കൊല്ലം ഷാ ഇന്റർനാഷണലിൽ എൻ. കെ. പ്രേമചന്ദ്രൻ എംപി ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ കൈപ്പുഴ നാളികേര ഉത്പാദക കമ്പനി ചെയർമാൻ ശ്രീ.ഷാജഹാൻ കാഞ്ഞിരവിളയിൽ അദ്ധ്യക്ഷത വഹിക്കും. ഹോർട്ടികോർപ്പ് ചെയർമാൻ ലാൽ വർഗ്ഗീസ് കൽപകവാടി, എസ്.സി.എം.എസ് വൈസ് ചെയർമാൻ ഡോ.പ്രദീപ് തെവന്നൂർ, സയന്റിസ്റ്റ് ഡോ. മോഹൻകുമാർ എന്നിവർ വിശിഷ്ടാതിഥികളായിരിക്കും. നാളികേര വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നീരയുത്പാദനത്തിൽ ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്ന കളമശ്ശേരി എസ്.സി.എം.എസിന്റെ സാങ്കേതികവിദ്യയിൽ വികസിപ്പിച്ച് സംസ്കരിച്ചെടുക്കുന്ന നീരയാവും ആദ്യം കൈപ്പുഴ കമ്പനിയുടെ പേരിൽ വിപണിയിലിറക്കുക. പിന്നീട് ഒക്ടോബറോടെ കമ്പനി നേരിട്ടുൽപാദിപ്പിക്കുന്ന നീര പാനീയവും മറ്റ് ഉൽപ്പന്നങ്ങളും വിപണിയിലിറക്കും.